**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 385** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന് റിപ്പോർട്ടുകൾ പുറത്തുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ മുഴുവൻ വിദ്യാർഥികൾക്കും അദ്ധ്യയനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ പഠനം നിലവിൽ ആരംഭിച്ചിട്ടില്ല. എന്നാൽ കോവിഡ് 19 പ്രതിസന്ധികളെ തുടർന്ന് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാതിരുന്നത് സ്കൂൾ കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കുന്നതിന് 2020 ജൂൺ 1 മുതൽ ‘ഫസ്റ്റ്ബെൽ’ എന്ന പേരിൽ കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുകയും സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും എല്ലാ കുട്ടികളിലും ഡിജിറ്റൽ ക്ലാസുകൾ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു. ഈ വർഷവും ജൂൺ 1-ന് ആരംഭിച്ച ഡിജിറ്റൽ ക്ലാസുകൾ എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഈ വർഷം ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം അധ്യാപകർ വിദ്യാർത്ഥികളുമായി നേരിട്ട് ആശയവിനിമയം നടത്തുന്ന രീതിയിൽ ഓൺലൈൻ ക്ലാസുകളും ഒരുക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഓൺ ലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിന് 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിലൂടെ വിവര ശേഖരണം നടത്തുകയാണ് ആദ്യം ചെയ്തത്. പ്രസ്തുത കണക്കെടുപ്പിൽ 1 മുതൽ 12 വരെയുള്ള (പ്ലസ് വൺ ഒഴികെ) 12295 സർക്കാർ, എയിഡഡ് സ്കൂളുകളിലെ പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾ ഒഴികെയുള്ള 38,07,722 കുട്ടികളിൽ 22,44,573 കുട്ടികൾക്കും നിലവിൽ ഓൺലൈൻ പഠനത്തിന് സ്വന്തമായി ഉപകരണങ്ങൾ ഉണ്ട് എന്നാണ് കാണുന്നത് . ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളിൽ 7,60,206 |

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് സ്വന്തമായി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ശേഷിയുണ്ട്. 3,31,347 കുട്ടികൾ ലോൺ സൗകര്യം ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്നവരാണ്. സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ ലഭ്യമാക്കേണ്ടുന്ന കുട്ടികളുടെ എണ്ണം 4,71,596 ആണ്. ഈ കുട്ടികൾക്കാണ് പ്രത്യേക വിദ്യാഭ്യാസ നിധി പ്രകാരം അതത് സ്കൂളുകൾ വഴി ഉപകരണങ്ങൾ ലഭ്യമാക്കുക. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായം ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പ്രത്യേക സൗകര്യങ്ങളൊരുക്കാനുമായി 'വിദ്യാകിരണം' പോർട്ടൽ സജ്ജമാക്കി ബഹു. മുഖ്യമന്ത്രി 04.08.2021 ന് ഉദ്ഘാടനം ചെയ്തു. ഓൺലൈൻ ക്ലാസുകൾ ലഭ്യമാക്കാനുള്ള ജി-സ്യൂട്ട് പ്ലാറ്റ്ഫോം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സജ്ജമാക്കുകയും 412 സ്കൂളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇത് നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. പൂർണമായ അർത്ഥത്തിൽ ഓൺലൈൻ പഠനത്തിലേക്ക് മാറുന്നതിനു മുൻപ് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പ്രാപ്യത ഉറപ്പാക്കുന്നതിന് കൃത്യവും വിപുലവുമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഡിജിറ്റൽ, ഓൺലൈൻ പഠനം ആരംഭിച്ചിട്ട് രണ്ടാമത്തെ അദ്ധ്യയന വർഷത്തിലും മുഴുവൻ വിദ്യാർഥികൾക്കും പഠന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 2020 -21 അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകിയത്. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ടെലിവിഷൻ ഇല്ലാതെ വിക്ടേഴ്സ് ചാനൽവഴി ക്ലാസ്സുകൾ കാണാൻ കഴിയാത്ത കുട്ടികൾ ഉണ്ടായിരുന്നെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര ഏജൻസികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, സ്കൂൾ അധികൃതർ, പി.ടി.എ/എസ്.എം.സി തുടങ്ങിയവരുടെ സഹായ സഹകരണത്തോടെ ടെലിവിഷൻ വിതരണം ചെയ്യുകയും കൂടാതെ അയൽപക്ക പഠന കേന്ദ്രങ്ങളും, ഊരു വിദ്യാകേന്ദ്രങ്ങളും ഒരുക്കി എല്ലാ കുട്ടികൾക്കും ജൂൺ അവസാനത്തോടെ ഡിജിറ്റൽ പഠനം സാധ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ 2021-22 അദ്ധ്യയന വർഷം മുതൽ ഡിജിറ്റൽ ക്ലാസ്സുകളോടൊപ്പം ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ കൂടുതൽ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമായി വരുന്നുണ്ട്. ആയത് എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.എഫ്.ഇ. മുഖേന ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയിൽ അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാകാത്തതിനാലും കിട്ടിയവയുടെ പ്രവർത്തനക്ഷമതയിൽ പ്രശ്നങ്ങൾ നേരിടുന്നതിനാലും ഓൺലൈൻ പഠനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൂർണ്ണമായ അർത്ഥത്തിൽ ഓൺലൈൻ പഠനത്തിലേയ്ക്ക് മാറുന്നതിനായി മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ